**SUNDAY** 14-11-2021 **ഞായറാഴ്ച**

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

**AGRICULTURE DEVELOPMENT AND FARMER'S WELFARE DEPARTMENT**

**GOVERNMENT OF KERALA**


**Chief Editor : George Sebastian** **Editor : Dr Asha T T**



Farm Information Bureau, Kowdiar, Thiruvananthapuram -695003

Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS) -14/11/2021

1. പ്രളയക്കെടുതിയിൽ വിളനാശം സംഭവിച്ച കർഷകർ എത്രയും പെട്ടെന്ന് വിവരങ്ങൾ കൃഷിഭവനുകളിൽ അറിയിക്കേണ്ടതാണ്. നഷ്ടപരിഹാരത്തിന് AIMS വെബ് പോർട്ടൽ മുഖേന ഓൺലൈനായാണ് അപേക്ഷിക്കേണ്ടത്. AIMS പോർട്ടലിൽ രജിസ്ട്രേഷൻ നടത്തിയിട്ടുള്ള കർഷകർ നഷ്ടപരിഹാരത്തിനായി അവരുടെ 'ലോഗ് ഇൻ' ഐഡി ഉപയോഗിച്ച് പോർട്ടലിൽ അപേക്ഷിക്കാവുന്നതാണ്. കർഷകർക്ക് സ്വന്തമായോ, അക്ഷയ സെന്ററുകൾ മുഖേനയോ, കോമൺ ഫെസിലിറ്റേഷൻ സെന്റർ മുഖേനയോ, കൃഷിഭവൻ മുഖേനയോ അപേക്ഷിക്കേണ്ടതാണ്. നിലവിലെ പ്രകൃതിക്ഷോഭവുമായി ബന്ധപ്പെട്ട പ്രത്യേക സാഹചര്യം പരിഗണിച്ച് **12/10/2021 മുതൽ 30/10/2021** വരെയുള്ള ദിവസങ്ങളിൽ കൃഷിനാശമുണ്ടായ കർഷകർക്ക് വിള ഇൻഷ്വറൻസ് പദ്ധതിപ്രകാരവും പ്രകൃതിക്ഷോഭ ദുരിതാശ്വാസ പദ്ധതി പ്രകാരവും നഷ്ടപരിഹാരത്തിന് നാളെ (15/11/221) വരെ അപേക്ഷിക്കാവുന്നതാണ്.

2. തിരുവനന്തപുരം ആത്മ വഴി നടത്തിവരുന്ന **ഡിപ്ലോമ ഇൻ അഗ്രികൾച്ചർ എക്സറ്റൻഷൻ സർവ്വീസ് ഫോർ ഇൻപുട്ട് ഡീലേഴ്സ്** (DESI) എന്ന ഒരു വർഷത്തെ കോഴ്സിന്റെ 2021-22 വർഷത്തിലേയ്ക്കുള്ള നടത്തിപ്പിനായി ഫെസിലിറ്റേറ്ററുടെ ഒഴിവിലേയ്ക്ക് അപേക്ഷ ക്ഷണിച്ചു. അഗ്രികൾച്ചർ അഥവാ ഹോർട്ടികൾച്ചറിൽ ബി എസ് സിയോ എം എസ് സി യോ ബിരുദവും 5 വർഷത്തെ പ്രവർത്തി പരിചയവും ആണ് യോഗ്യത. കൃഷി വകുപ്പിലോ അഗ്രികൾച്ചർ യൂണിവേഴ്സിറ്റിയിലോ കൃഷി വിജ്ഞാൻ കേന്ദ്രത്തിലോ 20 വർഷത്തെ പ്രവർത്തന പരിചയം ഉള്ളവർക്ക് മുൻഗണന ഉണ്ടായിരിക്കും. പ്രതിമാസം 17000/- യാണ് വേതനം. താത്പര്യമുള്ള അപേക്ഷകർ ഈ മാസം 15 നകം (15.11.2021) തിരുവനന്തപുരം സിവിൽ സ്റ്റേഷനിൽ പ്രവർത്തിക്കുന്ന ആത്മ പ്രോജക്ട് ഡയറക്ടറേറ്റിൽ അപേക്ഷ നൽകേണ്ടതാണ്.

3. സദാനന്ദപുരം കൃഷി വിജ്ഞാന കേന്ദ്രത്തിൽ നിന്നും 45 ദിവസം പ്രായമായ, വാക്സിനേഷനുകളും വിരമരുന്നു നൽകിയതും, ഉൽപാദനക്ഷമതയുള്ളളതുമായ ഗ്രാമപ്രിയ മുട്ടക്കോഴികുഞ്ഞുങ്ങൾ 120 രൂപ നിരക്കിൽ വിൽപ്പനയ്ക്ക് തയ്യാറായിട്ടുണ്ട്. കൂടുതൽ വിവരങ്ങൾക്ക് **0474 2663599** എന്ന നമ്പരിൽ ബന്ധപ്പെടുക.

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

4. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) റബ്ബർ പ്ലാന്റേഷൻ മാനേജ്മെന്റിൽ പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമാ കോഴ്സ് തുടങ്ങുന്നു. കോട്ടയത്തുള്ള എൻ.ഐ.ആർ.റ്റി.-യിൽ നവംബർ 24-ന് ആരംഭിക്കുന്ന കോഴ്സിന്റെ കാലാവധി ഒരു വർഷമാണ്. കൃഷി, സസ്യശാസ്ത്രം, അനുബന്ധവിഷയങ്ങൾ എന്നിവയിലേതിലെങ്കിലും ബിരുദമുള്ളവർ, റബ്ബർതോട്ടമേഖലയിൽ ജോലിചെയ്തുവരുന്ന സൂപ്പർവൈസർമാർ, ഫീൽഡ് ഓഫീസർമാർ; റബ്ബറുത്പാദകസംഘങ്ങൾ, അഗ്രി-ബിസിനസ് കമ്പനികൾ, കാർഷികസഹകരണസ്ഥാപനങ്ങൾ, കർഷകസംഘടനകൾ, കാർഷികസംരംഭങ്ങൾ, കാർഷികവസ്തുക്കളുടെ വ്യാപാരസ്ഥാപനങ്ങൾ തുടങ്ങിയ മേഖലകളിൽ പ്രവർത്തിക്കുന്ന ബിരുദധാരികൾ എന്നിവർക്കെല്ലാം കോഴ്സിൽ ചേരാം. കോഴ്സിൽ ചേരാൻ താൽപര്യമുള്ളവർക്ക് എൻ.ഐ.ആർ.റ്റി.-യുടെ **'ഓൺലൈൻ ആപ്ലിക്കേഷൻ സബ്മിഷൻ'** എന്ന പോർട്ടൽ വഴി അപേക്ഷിക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് **0481 2353127** എന്ന ഫോൺ നമ്പറിലോ **7994650941** എന്ന വാട്സ്ആപ്പ് നമ്പറിലോ training@rubberboard.org.in എന്ന ഇ-മെയിൽ വിലാസത്തിലോ www.training.rubberboard.org.in എന്ന വെബ്സൈറ്റ് വിലാസത്തിലോ ബന്ധപ്പെടാവുന്നതാണ്.

5. വെറ്ററിനറി സർവ്വകലാശാലയുടെ പാലക്കാട് ജില്ലയിലെ മണ്ണാർക്കാടിനടുത്ത് തിരുവാഴാംകുന്നിൽ പ്രവർത്തിക്കുന്ന വളർത്തു പക്ഷി ഗവേഷണ കേന്ദ്രത്തിൽ നിന്നും ഒരു ദിവസം പ്രായമുള്ള ഗ്രാമശ്രീ പൂവൻ കോഴി കുഞ്ഞുങ്ങളെ ഏഴ് രൂപ നിരക്കിൽ നൽകുന്നു. കൂടുതൽ വിവരങ്ങൾക്കും ബുക്കിംഗിനുമായി **04924 293885** എന്ന ഫോൺ നമ്പറിലോ **6282907009** എന്ന വാട്ട്സാപ്പ് നമ്പറിലോ ബന്ധപ്പെടുക.

## പരിശീലന പരിപാടികൾ

6. പത്തനംതിട്ട ജില്ലാ കൃഷി വിജ്ഞാന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ **മുട്ട കോഴി കുഞ്ഞുങ്ങളുടെ വിരിയിക്കൽ പ്രക്രിയയും തുടർ പരിചരണവും** എന്ന വിഷയത്തിൽ **നവംബർ 16** നും **മുട്ടക്കോഴികളുടെ രോഗങ്ങളും പ്രതിരോധ മാർഗങ്ങളും** എന്ന വിഷയത്തിൽ നവംബർ **26** നും രാവിലെ 10 മണി മുതൽ തെള്ളിയൂർ പ്രവർത്തിക്കുന്ന പത്തനംതിട്ട ജില്ലാ കൃഷി വിജ്ഞാന കേന്ദ്രത്തിൽ വച്ച് പരിശീലനം നൽകുന്നു. കൂടുതൽ വിവരങ്ങൾക്കും പരിശീലനത്തിൽ പങ്കെടുക്കുന്നതിനും **നവംബർ 15** ന് 4 മണിക്ക് മുമ്പായി **8078572094** എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടേണ്ടതാണ്.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

7. കേരള കാർഷിക സർവകലാശാലയിലെ ഹൈടെക്ക് റിസർച്ച് ആന്റ് ട്രെയിനിംഗ് യൂണിറ്റ്, വെള്ളാനിക്കര ഇൻസ്ട്രക്ഷണൽ ഫാമിൽ വച്ച് നവംബർ മാസം **23 മുതൽ 27** വരെ രാവിലെ 10.30 മണി മുതൽ **ഹൈഡ്രോപോണിക്സ് കൃഷിരീതിയിൽ** 5 ദിവസത്തെ ഓൺലൈൻ പരിശീലനം സംഘടിപ്പിച്ചിരിക്കുന്നു. പങ്കെടുക്കാൻ താൽപ്പര്യമുള്ളവർ **7025498850, 7034215912, 9961533547, 0487 2960079** എന്നീ നമ്പരുകളിൽ പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 10 മുതൽ 4 വരെയുള്ള സമയങ്ങളിൽ ബന്ധപ്പെടുക.

8. കൃഷിവകുപ്പിന് കീഴിലുള്ള വെള്ളായണി ആർ.ടി.ടി സെന്ററിന്റെ ആഭിമുഖ്യത്തിൽ തിരുവനന്തപുരം ജില്ലയിലെ കർഷകർക്കും കർഷക കൂട്ടായ്മകൾക്കും വേണ്ടി കാർഷിക യന്ത്രങ്ങളിൽ പ്രവൃത്തിപരിചയം നൽകുന്നതിന് മൂന്ന് ദിവസത്തെ പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. ട്രാക്ടർ, ടില്ലർ, ഞാറു നടീൽ യന്ത്രം, പവ്വർ ടില്ലർ, ഗാർഡൻ ടില്ലർ, മിനി ടില്ലർ, സ്പ്രേയർ കൂടാതെ വിവിധ ചെറുകിട കാർഷിക യന്ത്രങ്ങൾ എന്നിവയിലാണ് പരിശീലനം നൽകുന്നത്. പരിശീലനത്തിൽ പങ്കെടുക്കാൻ താൽപര്യമുള്ളവർ പൂർണ്ണമായ മേൽവിലാസം, ബന്ധപ്പെടേണ്ട നമ്പർ സഹിതം rttctvpm@gmail.com എന്ന ഇ-മെയിൽ വിലാസത്തിൽ അയച്ചു നൽകുകയോ വെള്ളായണി ആർ.ടി.ടി സെന്ററിൽ നേരിട്ട് ബന്ധപ്പെടുകയോ ചെയ്യേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് **9383470314, 9383470315** എന്നീ നമ്പരുകളിൽ വിളിക്കുക.

9. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) റബ്ബർനഴ്സറിപരിപാലനത്തിൽ പരിശീലനം നൽകുന്നു. മികച്ച നടീൽവസ്തുക്കളുടെ ഉത്പാദനത്തിനുള്ള വിവിധ പ്രജനനമാർഗങ്ങൾ, നഴ്സറിപരിപാലനം എന്നിവയിലുള്ള പരിശീലനം നവംബർ 17, 18 തീയതികളിൽ കോട്ടയത്തുള്ള എൻ.ഐ.ആർ.റ്റി.-യിൽ വച്ച് നടക്കും. കൂടുതൽ വിവരങ്ങൾക്ക് **04812353127** എന്ന ഫോൺ നമ്പറിലോ **7994650941** എന്ന വാട്സ്ആപ്പ് നമ്പറിലോ ബന്ധപ്പെടാവുന്നതാണ്. ഇ മെയിൽ: training@rubberboard.org.in